**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3903** **09-10-2025 - ൽ മറുപടിയ്ക്ക്**

**നല്ലോണം മീനോണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നല്ലോണം മീനോണം പദ്ധതിയുടെ ഭാഗമായി എത്ര കേന്ദ്രങ്ങളിൽ മത്സ്യ വിളവെടുപ്പ് നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്; എത്രത്തോളം മത്സ്യം ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തുടനീളം 490 കേന്ദ്രങ്ങളിൽ നല്ലോണം മീനോണം പദ്ധതിയുടെ ഭാഗമായി വിളവെടുപ്പ് നടത്തുകയും 161323 കിലോഗ്രാം മത്സ്യം വിളവെടുക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | മത്സ്യ കൃഷിയുടെ വ്യാപനത്തിനും ആയതിലെ അറിവ് വർദ്ധിപ്പിക്കുന്നതിനുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്; വിശദാംശം നൽകാമോ; | (ബി) | മത്സ്യകൃഷിയുടെ വ്യാപനത്തിനായി സംസ്ഥാനത്ത് ജനകീയ മത്സ്യകൃഷി പദ്ധതി, പി.എം.എം.എസ്.വൈ., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ ഉൾപ്പെടുത്തി നിരവധി മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കി വരുന്നു. പൊതുജലാശയങ്ങളിൽ മത്സ്യ ക്കുഞ്ഞുങ്ങളുടെ നിക്ഷേപം, പടുതാ കുളം, സെമി ഇന്റൻസീവ് മത്സ്യകൃഷി, പെൻകൾച്ചർ, എംബാങ്ക്മെന്റ്, ബയോഫ്ലോക്ക്, റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, കല്ലുമ്മക്കായ കൃഷി, മുരിങ്ങ കൃഷി, ഞണ്ട് കൃഷി എന്നീ ഘടക പദ്ധതികളും കേന്ദ്ര - സംസ്ഥാന സർക്കാർ സംയോജിത പദ്ധതിയായ പി.എം.എം. എസ്.വൈ-യിലൂടെ സംസ്ഥാനത്തൊട്ടാകെ ബയോഫ്ലോക്ക്, റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, കുളങ്ങളിലെ മത്സ്യകൃഷി, കല്ലുമ്മക്കായ കൃഷി, അലങ്കാര മത്സ്യ യൂണിറ്റുകൾ എന്നിവ നടപ്പിലാക്കുന്നു. മത്സ്യകൃഷി വ്യാപന പ്രവർത്തനങ്ങൾക്കായി സംസ്ഥാന ബഡ്ജറ്റിൽ 711 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രചരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഫീൽഡ് തലത്തിൽ സാങ്കേതിക പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നു. മത്സ്യകൃഷി വ്യാപനാർത്ഥം വിവിധ സർക്കാർ പരിപാടികളുടെ ഭാഗമായി പ്രദർശന സ്റ്റാളുകൾ ക്രമീകരിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തു വരുന്നു. |

| | | | |
|---|---|---|---|
| | | | മത്സ്യകൃഷിയിൽ കൂടുതൽ അറിവ് നേടുന്നതിനും മേഖലയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനും കർഷകരേയും ഉദ്യോഗസ്ഥരേയും പ്രാപ്തരാക്കുന്നതിലേയ്ക്കായി വിവിധ പരിശീലന ക്ലാസുകളും ബോധവൽക്കരണ പരിപാടികളും വകുപ്പിന്റെ ആഭിമുഖ്യത്തിലും MPEDA, സമേതി, ആത്മ, അഡാക്ക് തുടങ്ങിയ കേന്ദ്ര/ സംസ്ഥാന സർക്കാർ ഏജൻസികളുടെ ആഭിമുഖ്യത്തിലും സംഘടിപ്പിച്ചിട്ടുണ്ട്. നടപ്പ് വർഷം ജൂലൈ മാസം 10, 11 തീയതികളിൽ ബ്ലോക്ക് തലത്തിലും സംസ്ഥാന തലത്തിലും മികച്ച കൃഷി രീതികൾ അനുവർത്തിച്ചു വരുന്ന കർഷകരെ ആദരിക്കുകയും മത്സ്യകൃഷിയിൽ അവലംബിക്കാവുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെയുള്ള നൂതന സാങ്കേതിക വിദ്യകളെ പരിചയപ്പെടുത്തിയ സെമിനാറുകളോടൊപ്പം കർഷകരുടെ അനുഭവ സമ്പത്ത് പങ്കുവെയ്ക്കുന്ന പരിപാടിയും നടത്തുകയുണ്ടായി. |
| (സി) | പൊതു ജലാശയങ്ങളിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി Integrated Fishery Resource Management in Inland Aquatic Ecosystem പദ്ധതിയിൽ ഉൾപ്പെടുത്തി 2022 വർഷം മുതൽ 7ജലാശയങ്ങളിൽ കാർപ്പ്, ചെമ്മീൻ, കരിമീൻ മുതലായ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചുവരുന്നു. ടി പദ്ധതി പ്രകാരം കഴിഞ്ഞ വർഷം 149.13 ലക്ഷം മത്സ്യ/ചെമ്മീൻ വിത്തുകളെ പൊതു ജലാശയങ്ങളിൽ നിക്ഷേപിക്കുകയുണ്ടായി. മത്സ്യോല്പാദന വർദ്ധനവിനായി സംസ്ഥാനത്തെ 12 ജലസംഭരണികളിൽ 39.474 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. അഡാക്ക് മുഖേന 7 ജല സംഭരണികളിൽ (ബാണാസുരസാഗർ, കാരാപ്പുഴ, കക്കി, പെരുവണ്ണാമൂഴി, ഇടുക്കി, നെയ്യാർ, പീച്ചി) പി.എം.എം.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യ കൂടുകൾ സ്ഥാപിച്ചു കൃഷി നടത്തി വരുന്നു. മത്സ്യകൃഷിക്ക് അനുയോജ്യമായതും എന്നാൽ തരിശ് കിടക്കുന്നതുമായ പൊതുജലാശയങ്ങൾ / തോടുകൾ /കനാലുകൾ എന്നിവ വൃത്തിയാക്കി പരിസ്ഥിതി സൗഹൃദ രീതിയിൽ തടയണ കെട്ടിയും വലവളപ്പുകൾ നിർമ്മിച്ചും തദ്ദേശീയ മത്സ്യവിത്ത് നിക്ഷേപിച്ച് ശാസ്ത്രീയ പരിപാലന മുറകളിലൂടെ പരിപാലനം നടത്തുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രകാരവും പൊതുജലാശയങ്ങളിൽ വർഷാ വർഷം മത്സ്യവിത്ത് നിക്ഷേപിക്കൽ നടത്തി വരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ അമൃത് സരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 851 എണ്ണം |

| | | | |
|---|---|---|---|
| | | | പൊതുകുളങ്ങളിൽ തദ്ദേശീയ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്.<br><br>പൊതുജലാശയങ്ങളിലെ മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തിനും വർദ്ധനവിനുമായി കണ്ടൽ വനവൽക്കരണവും മത്സ്യ/കക്ക സംരക്ഷണ മേഖലകളും നടപ്പാക്കി. കേരള ഇൻലാൻഡ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ ആക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പട്രോളിംഗ് ശക്തമാക്കിയതിനാൽ അനധികൃത മത്സ്യബന്ധനം തടയുന്നതിനു സാധിക്കുകയും ആയത് മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിന് സഹായകമാകുകയും ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ